# ഉള്ളടക്കം


1. അടിസ്ഥാന വിവരങ്ങൾ
2. ആമുഖം
3. പൊതു ലക്ഷ്യങ്ങൾ
4. ലഘു ചരിത്രം
5. സമഗ്ര വികസനം
6. മേഖല - മലയാളം
7. നൂതന പ്രവർത്തനങ്ങൾ (മലയാളം)
8. മേഖല - ഹിന്ദി
9. മേഖല - ഇംഗ്ലീഷ്
10. മേഖല - ഗണിതം
11. മേഖല - അടിസ്ഥാന ശാസ്ത്രം
12. മേഖല - സാമൂഹ്യശാസ്ത്രം

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | - | *എ. എം. യു. പി. എസ്* |
| വിലാസം | - | എ. എം. യു. പി. എസ്,<br>അയിരൂർ . പി. ഒ<br>വർക്കല |
| ഫോൺ | - | 0470 2665144 |
| സ്കൂൾ കോഡ് | - | 42249 |
| വിദ്യാഭ്യാസ ഉപജില്ല | - | വർക്കല |
| വിദ്യാഭ്യാസ ജില്ല | - | ആറ്റിങ്ങൽ |
| റവന്യു ജില്ല | - | തിരുവനന്തപുരം |
| ബി. ആർ. സി . | - | വർക്കല |
| സി. ആർ. സി . | - | അയിരൂർ |
| ഗ്രാമപഞ്ചായത്ത് | - | ഇലകമൺ |
| ബ്ലോക്ക് പഞ്ചായത്ത് | - | വർക്കല |
| ജില്ലാ പഞ്ചായത്ത് | - | തിരുവനന്തപുരം |
| നിയമസഭാ മണ്ഡലം | - | വർക്കല |
| ലോക സഭാ മണ്ഡലം | - | ആറ്റിങ്ങൽ |
| താലൂക്ക് | - | വർക്കല |
| വില്ലേജ് | - | അയിരൂർ |
| ഈമെയിൽ വെബ്സൈറ്റ് | - | ayrooramups@gmail.com |

# ആമുഖം

ചരിത്രപരവും ഐതിഹ്യപരവുമായി പെരുമയേറുന്ന വർക്കല ഉപജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിലെ അയിരൂർ – കളത്തറ ഗ്രാമത്തിലാണ് എ.എം. യു.പി. എസ് സ്ഥിതിചെയ്യുന്നത്. സ്കൂളിന് സമീപമായി ഹരിതാഭമായ വയലേലകളും, തോടുകളും, പുഴകളും, കുളങ്ങളും കൊണ്ട് അനുഗ്രഹമാണീ പ്രദേശം. പരിസര പ്രദേരത്ത് ധാരാളം സസ്യ സമ്പത്തുകളുണ്ട്. അവയിൽ ചേക്കേറുന്ന പക്ഷികളും മറ്റ് ജീവിവർഗ്ഗങ്ങളും കണ്ണിനു കുളിരേകുന്നു-അതുകൊണ്ട് തന്നെ ഫീൽഡ് ട്രിപ്പുകൾക്കും മറ്റും അനുയോജ്യമാണീ പ്രദേശം.

ഈ സ്കൂളിൽ ഇപ്പോൾ പ്രഥമാധ്യാപകൻ ഉൾപ്പെടെ 7 അധ്യപകരും ഒരു ഓഫീസ് അറ്റന്റന്റും നിലവിലുണ്ട്. 5,6,7 ക്ലാസുകളാണിവിടെയുള്ളത്. ആകെ 6 ഡിവിഷനുകൾ. ഓരോ ക്ലാസിലും 40–ന് മുകളിൽ കുട്ടികളാണുള്ളത്. ആകെ 128 കുട്ടികൾ. സ്കൂൾ പരിസരത്ത് നിന്നും 5 കുട്ടികൾ മാത്രമാണുള്ളത്. ബാക്കി എല്ലാവരും സ്കൂൾബസിലാണ് എത്തുന്നത്. L.P ക്ലാസുകൾ ഇല്ലാത്തതിനാൽ കുട്ടികൾ അകലെയുള്ള സ്കൂളുകളിൽ പോകാൻ നിർബ്ബന്ധിതരാകുന്നു. ഇക്കാരണത്താലാണ് ഇവിടെ കുട്ടികൾ കുറയുന്നത്. അധ്യാപകർ വീടുവീടാന്തരം കയറിയിറങ്ങി നിർബ്ബന്ധിതച്ചാണ് കുട്ടികളെ ഇവിടെ എത്തിക്കുന്നത്. വളരെ മികച്ച അധ്യാപകരാണ് ഇവിടെയുള്ളത്.

സാമ്പത്തികമായും അക്കാദമികമായും വളരെ പിന്നാക്കം നിൽക്കുന്നവരാണ് അധികം കുട്ടികളും രക്ഷാകർത്താക്കളുടെ ശ്രദ്ധക്കുറവ് മൂലമോ കുട്ടികളുടെ അശ്രദ്ധ മൂലമോ L.P ക്ലാസുകളിൽ ആർജ്ജിക്കേണ്ട പഠന നേട്ടങ്ങൾ ഒന്നും നേടാതെയാണ് ഭൂരിഭാഗം കുട്ടികളും ഇവിടെയെത്തുന്നത്. 5–ാം ക്ലാസിലും അക്ഷരം പഠിപ്പിക്കേണ്ടിവരുന്ന അവസ്ഥയും ഉണ്ടാകാറുണ്ട്. എന്നാൽ വളരെ നല്ല നിലവാരം പുലർത്തുന്ന സമർത്ഥരായ കുട്ടികളും ഇവിടെ പഠികികുന്നുണ്ട്. 'മലയാളത്തിളക്കം' പദ്ധതിയിലൂടെ പിന്നാക്കക്കാരെ ഒരു പരിധിവരെ മുന്നോട്ടെത്തിക്കാൻ കഴിയുന്നുണ്ട്.

അക്കാദമികമായി പിന്നാക്കം നിൽക്കിന്ന കുട്ടികൾ പാഠ്യേതര പ്രവർത്തനങ്ങളിൽ വളരെയധികം മികവ് കാട്ടുന്നവരുണ്ട്. കുട്ടികളിലുള്ള മികവുകൾ കണ്ടെത്തി അതിനെ പരിപോഷിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഇവിടെ നടപ്പാക്കുന്നുണ്ട്. 'എന്റെ കുട്ടി' ഡയറി കഴിഞ്ഞ കുറെ വർഷങ്ങളായി പ്രവർത്തികമാക്കുന്നുണ്ട്. ടാലന്റ് ബോർഡുകൾ

മുൻവർഷങ്ങളിൽ ക്ലാസിൽ സ്ഥാപിക്കുമായിരുന്നു. കുട്ടികളുടെ ടാലന്റുകൾ അതിൽ കുറച്ച് വയ്ക്കാറുണ്ടായിരുന്നു. ഇവിടെ ഭൂരിഭാഗം കുട്ടികളും ചിത്രരചനയിൽ പ്രാവീണ്യം ഉള്ളവരാണ്. അത് പരിപോഷിപ്പിക്കുന്നതിനായി ധാരാളം അവസരങ്ങൾ കുട്ടികൾക്ക് നൽകാറുണ്ട്. പ്രവൃത്തിപരിചയമേളകളിൽ വളരെ ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികളായിരുന്നു മുൻവർഷങ്ങളിൽ ഉണ്ടായിരുന്നത്. നിരന്തരമായ പരിശീലനം കുട്ടികൾക്ക് നൽകുമായിരുന്നു. ഈ വർഷവും വരും വർഷങ്ങളിലും അത് പ്രാവർത്തികമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രവൃത്തിപരിചയമേലകലിൽ, പങ്കെടുക്കാവുന്ന 10 ഇനങ്ങളിലും ഇവിടുത്തെ കുട്ടികൾ പങ്കെടുത്ത് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കാറുണ്ടായിരുന്നു. വരും വർഷങ്ങളിലും അതിനായി പരിശ്രമി ക്കുന്നതാണ്. സബ്ജില്ലാതലത്തിൽ നിരവധി തവണ ഓവറാൾ ചാമ്പ്യൻ ഷിപ്പ് കരസ്ഥമാക്കിയിട്ടുണ്ട്. അതുപോലെ ഏറ്റവും നല്ല സ്റ്റാളിനുള്ള സമ്മാനവും പലപ്പോഴും നേടിയിട്ടുണ്ട്. കലാപരമായും കായികപരമായും ഇവിടത്തെ കുട്ടികൾ വളരെ മുന്നിലാണ്. കുട്ടികളിലെ കായികശേഷി വർദ്ധിപ്പിക്കുന്നതിനായി ഒരു കായികാധ്യാപകന്റെ സേവനം ഇവിടെ ലഭ്യ മാക്കി വരുന്നു.

മുൻവർഷങ്ങളെ അപേക്ഷിച്ച് സ്കൂളിന്റെ ഭൗതികസാഹചര്യം വളരെയധികം മെച്ചപ്പെട്ടു. ലാബിലേക്ക് ആവശ്യമായ ഭൂരിഭാഗം പരീക്ഷ ണ നിരീക്ഷണ ഉപകരണങ്ങളും അലമാരയിൽ സൂക്ഷിച്ചിട്ടുണ്ട്. ലാബിന് ആവശ്യമായ അടച്ചുറപ്പുള്ള മുറി ഇവിടെയില്ല. ക്ലാസിൽ തന്നെയാണ് പരീ ക്ഷണങ്ങൾ ചെയ്യാറുള്ളത്. പുതിയ കെട്ടിടത്തിൽ ക്ലാസ് ലൈബ്രറി ഇതു വരെ സ്ഥാപിച്ചിട്ടില്ല. കോൺഫറൻസ് ഹാളിലാണ് പുസ്തകങ്ങൾ ക്രമീ കരിച്ചിരിക്കുന്നത്. പ്രത്യേകിച്ചൊരു ഭോജനശാല ഇല്ലാത്തതും ഒരു പരിമി തിയാണ്. 3 ലാപ് ടോപ്പുകളും, 3 പ്രൊജക്ടറുകളും ഇവിടെ ഉപയോഗത്തി ലുണ്ട്. ചുറ്റുമതിലുകളും ആവശ്യത്തിന് ടോയ്ലെറ്റുകളും, വിശാലമായ കളിസ്ഥലവും ടൈൽസ് പാകിയ ക്ലാസ്മുറികളും, കുടിവെള്ള സൗകര്യ വും ഇവിടുത്തെ മെച്ചപ്പെട്ട സാഹചര്യങ്ങളാണ്.

## പൊതു ലക്ഷ്യങ്ങൾ

- സ്കൂളിലെ മുഴുവൻ കുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.
- കുട്ടികളിലെ ടാലന്റുകൾ കണ്ടെത്തി പരിപോഷിപ്പിക്കുക.
- ടാലന്റ് ലാബുകൾ സ്ഥാപിക്കുക.
- ഭിന്നശേഷിക്കാരുടെ പഠന നിലവാരം ഉയർത്താനായി IED അധ്യാപകരുടെ സേവനം ഉറപ്പാക്കുക.
- ലാബ്, ലൈബ്രറി ഇവയുടെ നവീകരണം
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്ര പഠന നേട്ടങ്ങളും എല്ലാ കുട്ടികളും നേടുക.
- ശാസ്ത്ര പഠനത്തിൽ ഐ.ടി സാധ്യതകൾ ഉറപ്പാക്കുക.
- ഹിന്ദിയിലും, ഇംഗ്ലീഷിലും, മലയാളത്തിലും ഡയറി എഴുത്ത് പോഷിപ്പിക്കുക.
- സങ്കലനം, വ്യവകലനം, ഹരണം തുടങ്ങിയവ അടിസ്ഥാന വിവരങ്ങളിൽ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- കൃഷിയോടുള്ള മനോഭാവം വളർത്തുക.
- നൂതന ആശയങ്ങൾ നടപ്പാക്കുക.
- സർഗ്ഗാത്മക ശേഷി വികസിപ്പിക്കുക.
- ക്ലാസ്സ് പി.റ്റി. എ സജീവമാക്കൽ
- പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകുക.
- സർഗ്ഗ സല്ലാപങ്ങൾ സംഘടിപ്പിക്കുക.
- വായനയിലെ പിന്നാക്കാവസ്ഥ പരിഹരിക്കുക.
- ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ
- ഗണിത പഠനത്തെ സാമൂഹിക വളർച്ചക്ക് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക.
- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.

# ലഘുചരിത്രം

1962– ലാണ് എ.എം.യു.പി.എസ് സ്ഥാപിതമായത്. സ്ഥാപക മാനേജർ ശ്രീ. എം. എ. ഹക്ക് സാഹിബാണ്. 1998–ൽ ശ്രീ.ഹക്ക് സാഹിബിന്റെ നിര്യാണത്തെത്തുടർന്ന് ഭാര്യ എ.ഫാത്തിമാബീവി മാനേജരായി. സ്കൂളിന്റെ ആദ്യ പ്രഥമാധ്യപകൻ .ശ്രീ. ടി. വി. കരുണാകാരപ്പണിക്കർ ആയിരുന്നു. 1998 മുതൽ 2023 മെയ് 31 വരെ ഷാജഹാൻ പ്രഥമാധ്യപകനായിരുന്നു. നീണ്ട 30 വർഷത്തെ സർവീയിസിനുശേഷം ഈ കഴിഞ്ഞ മെയ് 31ന് അദ്ദേഹം സർവീസിൽ നിന്നും വിരമിച്ചു. തുടർന്ന് 2023 June 1 മുതൽ അദ്ദേഹത്തിന്റെ ഭാര്യ താഹിറാബീഗം.N H.M ആയി തുടർന്നു വരുന്നു. ആദ്യകാലങ്ങളിൽ 5,6,7 സ്റ്റാന്റേർഡുകളിൽ 9 ഡിവിഷനുകൾ ഉണ്ടായിരുന്നു. 1980–90 കാലഘട്ടത്തിൽ കുട്ടികളുടെ എണ്ണം കുറവായതിനാൽ സ്കൂൾ അടച്ചുപൂട്ടാനുള്ള നീക്കമുണ്ടായി. എന്നാൽ അധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും, നാട്ടുകാരുടെയും ആത്മാർത്ഥമായ ശ്രമഫലമായി വിദ്യാർത്ഥികളുടെ എണ്ണം കൂടിവന്നു. അടച്ചുപൂട്ടൽ ഭീഷണിയിൽ നിന്നും ഒഴിവായി. പൂർവ്വ വിദ്യാർത്ഥികളിൽ നിരവധി പേർ ഉന്നത പദവിയിൽ എത്തിയിട്ടുണ്ട്. ഡോക്ടർമാർ, എഞ്ചിനീയർമാർ, അധ്യാപകർ, തുടങ്ങി നിരവധിപേർ ഈ സ്കൂളിന്റെ അഭിമാനം ഉയർത്തുന്നുണ്ട്.

2019 മുതൽ ശ്രീമതി. അംബികാപത്മാസനൻ സ്കൂളിന്റെ മാനേജർ സ്ഥാനം ഏറ്റെടുത്തു.

# ശാസ്ത്രം

## ലക്ഷ്യങ്ങൾ

1. ശാസ്ത്രത്തിൽ സവിശേഷ സ്വഭാവമുള്ള കുട്ടികളെ അതിൻറെ പൂർണ്ണതയിൽ എത്തിക്കുക.

2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്ര പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക.

3. അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പ്രാപ്തരാക്കുക.

4. ശാസ്ത്രചിന്ത, ശാസ്ത്രബോധം, ശാസ്ത്രനൈപുണി, അന്വേഷണാത്മകത എന്നിവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

5. ശാസ്ത്ര പഠനത്തെ സാമൂഹ്യ മുന്നേറ്റത്തിന് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക.

6. ശാസ്ത്ര പഠനശേഷി വികസിപ്പിക്കുക.

7. ശാസ്ത്ര പഠനത്തിൽ ഐ.സി.ടി.യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് വികസിപ്പിക്കുക.

8. പാരിസ്ഥിതിക അവബോധം വളർത്തുക.

9. ശാസ്ത്ര പഠനത്തെ പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനുയോജ്യമാക്കുക.

10. പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിൽ എത്തിക്കുക.

11. ഐ.ഇ.ഡി. കുട്ടികളെ നേർധാരയിൽ എത്തിക്കുക.

12. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് കഴിവും മനോഭാവവും നേടുക.

13. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ശാസ്ത്ര പഠനത്തെ പ്രയോജനപ്പെടുത്തുക.

# മേഖല : ശാസ്ത്രം

**ലക്ഷ്യം :**

1. ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

**പ്രവർത്തനം :**

1. ഏഴാം സ്റ്റാൻഡേർഡിലെ 'വിളയിക്കാം നൂറുമേനി' എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട ബഡ്ഡിംഗ്, ലയറിംഗ്, പതിവയ്ക്കൽ എന്നിവ ICT ൽ കാണിക്കുകയും ഓരോ കുട്ടികൾക്കും അവരവരുടെ വീടുകളിൽ ചെയ്യാനുള്ള പരിശീലനം നൽകുകയും ചെയ്യുക. ഒരു വർഷമായിരിക്കും കാലയളവ്.
2. അഞ്ചാം ക്ലാസ്സിലെയും ആറാം ക്ലാസ്സിലെയും ആകാശവിസ്മയങ്ങളുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സി.ഡി. പ്രദർശനം, സ്റ്റിൽ മോഡൽ, ചന്ദ്രൻറെ വൃദ്ധിക്ഷയങ്ങൾ നിരീക്ഷിക്കാനുള്ള അവസരങ്ങൾ എന്നിവ ആസൂത്രണം ചെയ്യുന്നു. സയൻസ് അധ്യാപകരുടെ നേതൃത്വത്തിൽ ജനുവരി ആദ്യവാരം നടത്താൻ തീരുമാനിച്ചു.
3. 5, 6, 7 ക്ലാസുകൾക്ക് ഔഷധസസ്യങ്ങളുടെ ഹെർബേറിയം തയ്യാറാക്കൽ തീരുമാനിച്ചു. ഒരു വർഷത്തെ കാലയളവാണ് ഹെർബേറിയത്തിനായി തീരുമാനിച്ചത്.

## മേഖല : ശാസ്ത്രം

### ലക്ഷ്യം

1. ശാസ്ത്രത്തിലെ നൂതന ആശയങ്ങൾ പരിചയപ്പെടുത്തുന്നതിന്
2. സ്വതന്ത്രമായി പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന്
3. നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്

### പ്രവർത്തനം

5, 6, 7 ക്ലാസുകളിലെ മുഴുവൻ വിദ്യാർഥികളെയും ഉൾപ്പെടുത്തിക്കൊണ്ട് ഫെബ്രുവരി മാസത്തിൽ ഒരു വർക്ക്ഷോപ്പ് സംഘടിപ്പിക്കാൻ തീരുമാനമായി. യു.പി. ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട എല്ലാ പരീക്ഷണങ്ങളും സ്വതന്ത്രമായി ചെയ്യാനും പഠനോപകരണങ്ങൾ നിർമ്മിക്കാനും പ്രദർശിപ്പിക്കുവാനും അവസരം ഒരുക്കുന്നു. വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരുടെയും നേതൃത്വത്തിൽ ആയിരിക്കും പരിപാടി നടത്തുന്നത്.

## മേഖല : ശാസ്ത്രം

### ലക്ഷ്യം

കലയിലൂടെ പഠനം എളുപ്പത്തിൽ സ്വായത്തമാക്കുക

### പ്രവർത്തനം

ആറാം ക്ലാസിലെ 'പൂവിൽ നിന്ന് പൂവിലേക്ക്' എന്ന പാഠഭാഗത്തുനിന്നും മനസ്സിലാക്കിയ മുഴുവൻ ആശയങ്ങളും ഉൾപ്പെടുത്തി വഞ്ചിപ്പാട്ടിന്റെ രൂപത്തിൽ ക്ലാസിൽ അവതരിപ്പിക്കാൻ തീരുമാനിക്കുന്നു. സയൻസ് അധ്യാപികയുടെ നേതൃത്വത്തിൽ ഓഗസ്റ്റ് രണ്ടാം വാരം ആയിരിക്കും പ്രവർത്തനം ആസൂത്രണം ചെയ്യുന്നത്.

| No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ക്ലാസ് | ഭൗതികം | ചിലവ് |
|---|---|---|---|---|---|---|---|
| 1 | ശാസ്ത്ര പഠനത്തിൽ ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | ബഡ്ഡിങ് പതിവയ്ക്കൽ എന്നിവ നേരിട്ട് ബോധ്യപ്പെടുത്തൽ.<br>സി.ഡി. പ്രദർശനം.<br>സി.ഡി. പ്രദർശനം, സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ, ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ നിരീക്ഷിക്കാനുള്ള അവസരം. | ജൂൺ 1 ദിവസം<br>ജനുവരി 1 ദിവസം | ശാസ്ത്ര അധ്യാപിക<br>ശാസ്ത്ര അധ്യാപിക | 7<br>5,6 | | |
| 2 | കലയിലൂടെ പഠനം എളുപ്പത്തിൽ സ്വായത്തമാക്കുക | 'പൂവിൽ നിന്ന് പൂവിലേക്ക്' എന്ന പാഠഭാഗത്തിലെ ആശയങ്ങൾ വഞ്ചിപ്പാട്ട് രൂപത്തിൽ അവതരിപ്പിക്കൽ.<br>പരീക്ഷണോത്സവം : ഓരോ ടേമിലെയും പാഠഭാഗങ്ങളിലെ പരീക്ഷണങ്ങൾ സംഘടിപ്പിക്കുക. | ഓഗസ്റ്റ് 1 ദിവസം<br>ഓഗസ്റ്റ് - സെപ്തംബർ 1 ദിവസം | ശാസ്ത്ര അധ്യാപിക | 6<br>5,6,7 | | |
| 3 | നിരീക്ഷണ താൽപര്യം, നിർമ്മാണ പ്രവർത്തന മനോഭാവം എന്നിവ വികസിപ്പിക്കുന്നു. | മുഴുവൻ ക്ലാസുകളെയും ഉൾപ്പെടുത്തി ഔഷധസസ്യങ്ങളുടെ ഹെർബേറിയം തയ്യാറാക്കുന്നു.<br>ശാസ്ത്ര അവബോധം വളർത്താൻ ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ജനുവരി 1 ദിവസം | അധ്യാപകർ | | | |

മേഖല :

## സാമൂഹ്യശാസ്ത്രം

### ലക്ഷ്യങ്ങൾ

- ❖ കുട്ടികളിലെ മുന്നറിവുകളെ പരിപോഷിപ്പിക്കൽ
- ❖ സാമൂഹ്യാവബോധം വളർത്തുക
- ❖ ചരിത്രത്തെ അറിയൽ
- ❖ സാമൂഹ്യശാസ്ത്ര പഠനം കുടുതൽ ശാസ്ത്രിയമാക്കുക
- ❖ സാമൂഹ്യചിന്ത സാമൂഹ്യബോധം, സാമൂഹ്യശാസ്ത്രവിശകലനശേഷി, അന്വേഷണാത്മകത, എന്നിവ എല്ലാകുട്ടികളിലും ആർജിക്കുക.
- ❖ കാര്യക്ഷമമായ ഭൂപട വായന
- ❖ സാമൂഹിക പഠന കുടുതൽ തനിമയുളളതാക്കുന്നതിനുവേണ്ടി ICT സാധ്യത പ്രയോജനപ്പെടുത്തുക

| ക്രമ നമ്പർ | മേഖല | പ്രവർത്തനം | കാലയളവ് | നിർവ്വഹണ ചുമതല |
|---|---|---|---|---|
| 1 | കുട്ടികളിലെ മുന്നറിവുകളെ പരിപോഷിപ്പിക്കൽ | കുട്ടികൾ ഓരോ ദിവസത്തെയും ദിന പത്രങ്ങൾ വായിച്ച് പ്രധാന വാർത്ത കൾ തയ്യാറാക്കുന്നു. | 1 വർഷം | 5,6,7 ക്ലാസുകളിലെ സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 2 | സാമൂഹ്യാവബോധം വളർത്തുക | അഭിമുഖങ്ങൾ ചർച്ചകൾ, മത്സ രങ്ങൾ ക്വിസ് പ്രോഗ്രാം | 1 വർഷം | 5,6,7 ലെ സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 3 | ചരിത്രത്തെ അറിയൽ | പ്രാദേശിക ചരിത്ര രചന | 1 മാസം | 5,6,7 ക്ലാസുകളിലെ സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 4 | സാമൂഹ്യശാസ്ത്ര പഠനം കുടുതൽ ശാസ്ത്രിയമാക്കുക | ഗാമൂഹ്യശാസ്ത്ര ലാബ് | 1 വർഷം | 5,6,7 ക്ലാസുകളിലെ സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 5 | ശരിയായ മൂല്യങ്ങളും മനോഭാവ ങ്ങളും വളർത്തുന്നതിന് സാമൂഹ ശാസ്ത്ര പഠനം പ്രയോജനപ്പെടു ത്തുക. | അവബോധന ക്ലാസുകൾ<br>• ലഹരിക്കെതിരെയുള്ള ക്ലാസ്<br>• നിയമാബോധ ക്ലസ്<br>• സ്ത്രീശാക്തീകരണം<br>• ജലമിഷൻ | 1 വർഷം | 5,6,7 ക്ലാസുകളിലെ സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 6 | സാമൂഹ്യചിന്ത, സാമൂഹ്യ ബോധം സാമൂഹ്യശാസ്ത്ര വിശ കലനശേഷി, അന്വേഷണാത്മകന എന്നിവ എല്ലാ കുട്ടികളിലും ആർജ്ജിക്കുക. | ആനുകലിക സംഭവങ്ങളെ കുറി ച്ചുള്ള സംവദം നടപ്പിലാക്കുക. | 1 വർഷം | 5,6,7 ലെ സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 7 | കാര്യക്ഷമമായ ഭൂപട വായന | കേരളം, ഇൻഡ്യ, ലോക ഭൂപടം എന്നിവ അറിയുന്നതിനു വേണ്ടി ക്ലാസ് തിരിച്ചുള്ള പ്രവർത്തനം നൽകുന്നു. | ആഗസ്റ്റ് – ഒക്ടോബർ | 5,6,7 ക്ലാസുകളിലെ സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 8 | സാമൂഹ്യശാസ്ത്ര പഠനം കൂടു തൽ തനിമയുള്ളതാകുന്നുതിനു വേണ്ടി ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തുന്നു. | സാമൂഹ്യശാസ്ത്ര പ്രവർത്തനങ്ങൾ ഐ.സി.ടി യിലടെ സാധ്യമാക്കുന്നു. | 1 മാസം | 5,6,7 ക്ലാസുകളിലെ സാമൂഹ്യശാസ്ത്ര അധ്യാപകർ |

| മേഖല | യു.പി.ഗണിതം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ല പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു | **ഗണിത ശില്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>(നമ്പർ കാർഡ്, മുത്തുകൾ, ഫ്ളാഷ് കാർഡ് ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപിക | |
| 2. ഗണിതം മധുരമാക്കാൻ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ് PTA |
| 3. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | **ഗണിത ക്ലിനിക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പീരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |

| മേഖല | യു.പി.ഗണിതം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 4. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽവച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 5. ഗണിതത്തിലെ മുഴുവൻ ശേഷിയും നേടാൻ കുട്ടികളെ പ്രാപ്തരാക്കുന്നു | **ഗണിത ഒപ്പന** വിദ്യാർത്ഥികൾ ചേർന്ന് | | ഗണിത ക്ലബ്ബിലെ അംഗങ്ങൾ | |
| 6. ഗണിത സാഹിത്യ സൃഷ്ടികൾ പരിചയപ്പെടാനും സ്വയം രചനകൾ നടത്താനും കഴിയുന്നു. ഗണിതം കൂടുതൽ സുഗമമാക്കുന്നു. | • ഗണിത ശാസ്ത്രമേള<br>• ഗണിത മാഗസിൻ<br>• ചോദ്യോത്തര പെട്ടി | ആഗസ്റ്റ് | | |
| 7. ഗണിതശേഷികൾ വികസിപ്പിക്കാൻ പ്രാപ്തരാക്കുന്നു. | ചരുഷ്ക്രിയകൾ, കലണ്ടർ, ക്ലോക്ക്, ഭിന്ന സംഖ്യ തുടങ്ങിയ ശേഷികൾ മുൻനിർത്തി മാതൃകാ പരീക്ഷകൾ | ജനുവരി | ഗണിത അധ്യാപിക<br>Class V-ലെ വിദ്യാർത്ഥികൾ | |

അക്കാഡമിക് മാസ്റ്റർ പ്ലാൻ

മേഖല : ഇംഗ്ലീഷ്

1. ലക്ഷ്യം : തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ

പ്രവർത്തനം 1

- ഓരോ ദിവസവും വീട്ടിലും വിദ്യാലയങ്ങളിലും നടക്കുന്ന സംഭവങ്ങൾ ഇംഗ്ലീഷിൽ ചുരുക്കി എഴുതിക്കുന്നു. ഇംഗ്ലീഷ് അധ്യാപകരുടെ മേൽനോട്ടത്തിലായിരിക്കും പ്രവർത്തനം. ഒരു വർഷം മുഴുവനും നീണ്ടുനിൽക്കുന്ന പ്രവർത്തനമാണിത്. എല്ലാ ആഴ്ചയിലും ഒരു ദിവസം അധ്യാപകർ ഡയറി നോക്കി കൊടുക്കുന്നു

2.ലക്ഷ്യം – ഇംഗ്ലീഷ് പഠനഅന്തരീക്ഷം സൃഷ്ടിക്കാൻ

പ്രവർത്തനം 2

- ക്ലാസ്സ് സമയത്തും അല്ലാത്തപ്പോഴും കുട്ടികൾ പരസ്പരം കഴിയുന്നത്ര ഇംഗ്ലീഷിൽ സംസാരിക്കാൻ പ്രേരിപ്പിക്കുന്നു. കുട്ടികൾക്ക് കൊടുക്കുന്ന നിർദ്ദേശങ്ങൾ ഇംഗ്ലീഷിൽ നൽകുന്നു. ഇംഗ്ലീഷ് കഥപുസ്തഗങ്ങളും വായനാ കാർഡുകളും വായനസമയത്തു ആഴ്ചയിൽ രണ്ടു ദിവസം നൽകുന്നു. കുട്ടികളോട് അവരുടെ റീഡിങ് notes എഴുതി വെക്കാൻ പറയുന്നു. ഇംഗ്ലീഷ് ക്ലബിന്റെ പപ്രവർത്തനങ്ങൾ ആയിരിക്കും ഇംഗ്ലീഷ് അദ്ധ്യാപകന്റെ മേൽനോട്ടത്തിലായിരിക്കും പ്രവർത്തനങ്ങൾ ഒരു വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനമാണിത്. 5,6,7 ക്ലാസ്സുകളിൽ നൽകാവുന്നതാണ്

3 ലക്ഷ്യം – ഇംഗ്ലീഷ് സർഗ്ഗത്മക രചന

പ്രവർത്തനം -3

- ഓരോ മാസവും എതെങ്കിലും വിഷയം കൊടുക്കുകയോ അല്ലെങ്കിൽ അവരുടെ തന്നെ സൃഷ്ടികളായിട്ട് കഥയെഴുതാനോ കവിത എഴുതാനോ നിർദേശം നൽകുന്നു. സൃഷ്ടികൾ ചേർത്ത് പതുപ്പാക്കുന്നു PTA മീറ്റിങ്ങിൽ അത് പ്രദർശിപ്പിക്കുന്നു. 5,6,7 ക്ലാസ്സുകളിൽ

നടപ്പാക്കാവുന്ന പ്രവർത്തനമാണിത്. ഇംഗ്ലീഷ് അദ്ധ്യാപകന്റെ മേൽനോട്ടത്തിലായിരിക്കും ഇത്

4 ലക്ഷ്യം – ഇംഗ്ലീഷ് അനായാസം ഉപഗോഗിക്കാനുള്ള ശേഷി നേടൽ

ക്ലാസ്സ് മുറികളിൽ കുട്ടികളുടെ ഇംഗ്ലീഷ് പാഠഭാഗവുമായി ബന്ധപെട്ടുള്ള റോൾ പ്ലേ, ഡയലോഗ് പ്രസന്റേഷൻ, സ്കിറ്റ് എന്നിവയ്ക്കുള്ള സാഹചര്യം കൊടുക്കുന്നു. ഇത് ഓരോ ക്ലാസ്സിലും പാടഭാഗത്തെ കേന്ദ്രികരിച്ചിട്ടുള്ളതായിരിക്കും ഇത് ഇംഗ്ലീഷ് അദ്ധ്യാപകന്റെ നേതൃത്വത്തിലായിരിക്കും

| ക്രമനമ്പർ | മേഖല | പ്രവർത്തനം | കാലയളവ് | നിർവഹണ ചുമതല |
|---|---|---|---|---|
| 1 | 5,6,7 | Diary entry | 1 year | English teachers Sumisha & Kavya |
| 2 | 5, 6, 7 | Speaking programme<br>Give instructions in english<br>Encourage to speak english in their regular time | 1 year | English tr |
| 3 | 5,6,7 | Writing Skills<br>Picture presentation<br>Introduce a story and ask them to do its end part<br>Ask them to write poems and complete the poem | Monthly | English tr |
| 4 | 5,6,7 | Role play<br>Dialogue presentation<br>Skit | Monthly | English tr |

അക്കാഡമിക് മാസ്റ്റർ പ്ലാൻ

മേഖല : ഇംഗ്ലീഷ്

1. ലക്ഷ്യം : തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ

പ്രവർത്തനം 1

- ഓരോ ദിവസവും വീട്ടിലും വിദ്യാലയങ്ങളിലും നടക്കുന്ന സംഭവങ്ങൾ ഇംഗ്ലീഷിൽ ചുരുക്കി എഴുതിക്കുന്നു. ഇംഗ്ലീഷ് അധ്യാപകരുടെ മേൽനോട്ടത്തിലായിരിക്കും പ്രവർത്തനം. ഒരു വർഷം മുഴുവനും നീണ്ടുനിൽക്കുന്ന പ്രവർത്തനമാണിത്. എല്ലാ ആഴ്ചയിലും ഒരു ദിവസം അധ്യാപകർ ഡയറി നോക്കി കൊടുക്കുന്നു

2.ലക്ഷ്യം – ഇംഗ്ലീഷ് പഠനഅന്തരീക്ഷം സൃഷ്ടിക്കാൻ

പ്രവർത്തനം 2

- ക്ലാസ്സ് സമയത്തും അല്ലാത്തപ്പോഴും കുട്ടികൾ പരസ്പരം കഴിയുന്നത്ര ഇംഗ്ലീഷിൽ സംസാരിക്കാൻ പ്രേരിപ്പിക്കുന്നു. കുട്ടികൾക്ക് കൊടുക്കുന്ന നിർദ്ദേശങ്ങൾ ഇംഗ്ലീഷിൽ നൽകുന്നു. ഇംഗ്ലീഷ് കഥപുസ്തഗങ്ങളും വായനാ കാർഡുകളും വായനസമയത്തു ആഴ്ചയിൽ രണ്ടു ദിവസം നൽകുന്നു. കുട്ടികളോട് അവരുടെ റീഡിങ് notes എഴുതി വെക്കാൻ പറയുന്നു. ഇംഗ്ലീഷ് ക്ലബിന്റെ പപ്രവർത്തനങ്ങൾ ആയിരിക്കും ഇംഗ്ലീഷ് അദ്ധ്യാപകന്റെ മേൽനോട്ടത്തിലായിരിക്കും പ്രവർത്തനങ്ങൾ ഒരു വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനമാണിത്. 5,6,7 ക്ലാസ്സുകളിൽ നൽകാവുന്നതാണ്

3 ലക്ഷ്യം – ഇംഗ്ലീഷ് സർഗ്ഗത്മക രചന

പ്രവർത്തനം -3

- ഓരോ മാസവും ഏതെങ്കിലും വിഷയം കൊടുക്കുകയോ അല്ലെങ്കിൽ അവരുടെ തന്നെ സൃഷ്ടികളായിട്ട് കഥയെഴുതാനോ കവിത എഴുതാനോ നിർദേശം നൽകുന്നു. സൃഷ്ടികൾ ചേർത്ത് പതുപ്പാക്കുന്നു PTA മീറ്റിങ്ങിൽ അത് പ്രദർശിപ്പിക്കുന്നു. 5,6,7 ക്ലാസ്സുകളിൽ നടപ്പാക്കാവുന്ന പ്രവർത്തനമാണിത്. ഇംഗ്ലീഷ് അദ്ധ്യാപകന്റെ മേൽനോട്ടത്തിലായിരിക്കും ഇത്

4 ലക്ഷ്യം – ഇംഗ്ലീഷ് അനായാസം ഉപയോ ഗിക്കാനുള്ള ശേഷി നേടൽ

ക്ലാസ്സ് മുറികളിൽ കുട്ടികളുടെ ഇംഗ്ലീഷ് പാഠഭാഗവുമായി ബന്ധപെട്ടുള്ള റോൾ പ്ലേ, ഡയലോഗ് പ്രസന്റേഷൻ, സ്കിറ്റ് എന്നിവയ്ക്കുള്ള സാഹചര്യം കൊടുക്കുന്നു. ഇത് ഓരോ ക്ലാസ്സിലും പാടഭാഗത്തെ കേന്ദ്രികരിച്ചിട്ടുള്ളതായിരിക്കും ഇത് ഇംഗ്ലീഷ് അദ്ധ്യാപകന്റെ നേതൃതത്തിലായിരിക്കും

| ക്രമനമ്പർ | മേഖല | പ്രവർത്തനം | കാലയളവ് | നിർവഹണ ചുമതല |
|---|---|---|---|---|
| 1 | 5,6,7 | Diary entry | 1 year | English teachers<br>Sumisha & Kavya |
| 2 | 5, 6, 7 | Speaking programme<br>Give instructions in English<br>Encourage to speak English in their regular time | 1 year | English tr |
| 3 | 5,6,7 | Writing Skills<br>Picture presentation<br>Introduce a story and ask them to do its end part<br>Ask them to write poems and complete the poem | Monthly | English tr |
| 4 | 5,6,7 | Role play<br>Dialogue presentation<br>Skit | Monthly | English tr |

## AMUPS, AYROOR [HINDI]

## അക്കാദമിക് മാസ്റ്റർ പ്ലാൻ [2025-2026]

### ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുന്നു.
2. എല്ലാ കുട്ടികൾക്കും ഹിന്ദി അനായാസം എഴുതുവാനും വായിക്കാനും പരിശീലിപ്പിക്കുന്നു. പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു.
3. ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.
4. ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം ഒരുക്കുന്നു.
5. ഹിന്ദി അന്തരീക്ഷം സ്കൂളുകളിൽ സൃഷ്ടിക്കുന്നു.

I. <u>ലക്ഷ്യം</u> :- എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങ-ളും ആശയങ്ങളും ഉറപ്പിക്കുന്നു.

<u>പ്രവർത്തനങ്ങൾ</u>

എല്ലാ ക്ലാസിലെ കുട്ടികൾക്കും കോപ്പിയെഴുത്ത് നിർബന്ധമാക്കും. അക്ഷരങ്ങൾ, ചിഹ്നങ്ങൾ ചേർത്ത് വാക്കുകൾ എഴുതിക്കും. അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ് മുതലായ ക്ലാസ്സിൽ പ്രദർശിപ്പിക്കുകയും കുട്ടികളെ കൊണ്ട് വായിപ്പിക്കുകയും ചെയ്യും. മലയാള അക്ഷരങ്ങൾ എഴുതിയ കാർഡ് കാണിച്ച് ഹിന്ദി അക്ഷരം എഴുതുവാനുള്ള പരിശീലനം കൊടുക്കും. അക്ഷരങ്ങൾ കൂട്ടി ചേർത്ത് വാക്കുകൾ എഴുതിക്കും. വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക് പ്രവേശിക്കും. ഇത് നോട്ട് ബുക്കിൽ കുറിക്കുകയും വായിപ്പിക്കുകയും ചെയ്യും.

II. <u>ലക്ഷ്യം</u> :- എല്ലാ കുട്ടികൾക്കും ഹിന്ദി അനായാസം എഴുതുവാനും വായിക്കാനും പരിശീലിപ്പിക്കുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു.

<u>പ്രവർത്തനങ്ങൾ</u>

1. വായനാകാർഡുകൾ തയ്യാറാക്കൽ :- ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി വായനാകാർഡുകൾ തയ്യാറാക്കുന്നു. ഇവയിൽ കുട്ടികളുടെ

പേരുകൾ , പക്ഷിമൃഗാദികൾ, പഴങ്ങൾ, പൂക്കൾ, ക്ലാസ് മുറിക്കുള്ളിൽ കാണപ്പെടുന്ന വസ്തുക്കൾ, വൃക്ഷങ്ങൾ എന്നിവയുടെ ചിത്രങ്ങളും പേരുകളും ചേർന്ന് കാർഡുകൾ തയ്യാറാക്കി വായനയ്ക്കായി ഒരുക്കും.

2. ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ :- ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ചുകൊണ്ട് ഹിന്ദി ഗ്രന്ഥശാല ഒരുക്കും. വലിയ അക്ഷരങ്ങളോട് കൂടിയതും വർണ്ണചിത്രങ്ങൾ നിറഞ്ഞതും ലളിതവുമായ ഹിന്ദി കഥാപുസ്തകങ്ങൾ, ചിത്രകഥകൾ, ബാലമാസികകൾ എന്നിവ മുഖ്യമായും ഗ്രന്ഥശാലയിൽ ഒരുക്കും. കോപ്പി ബുക്ക് കൃത്യമായി എഴുതിക്കും.

3. ആൽബം നിർമ്മാണം :- ഹിന്ദി സാഹിത്യകാരന്മാരുടെ ഫോട്ടോയോട് കൂടിയ ചിത്രങ്ങൾ ശേഖരിച്ച് വായനയ്ക്കായ് ഒരുക്കും.

III ലക്ഷ്യം :- ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവുമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

പ്രവർത്തനങ്ങൾ

ഹിന്ദി ക്ലബ്ബ് രൂപീകരണം :- വിദ്യാലയത്തിലെ ഹിന്ദി ഭാഷാ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് വിദ്യാർത്ഥികളുടെ കൂട്ടായ്മയായി ഹിന്ദി ക്ലബ്ബ് രൂപീകരിക്കും. ക്ലബ്ബിലെ കുട്ടികളെ ഗ്രൂപ്പ് തിരിക്കുകയും ഗ്രൂപ്പിൽ പ്രവർത്തനങ്ങൾ അവതരിപ്പിക്കാനുള്ള അവസരം കൊടുക്കും. കഥ, കവിത, പോസ്റ്റർ, ചിത്രം വരയ്ക്കൽ മുതലായ

പ്രവർത്തനങ്ങളിലൂടെ ഹിന്ദിഭാഷാപഠനം ലളിതവും രസകരവുമാക്കി മാറ്റാൻ കഴിയും. സുരീലി ഹിന്ദി പ്രവർത്തനങ്ങളിലൂടെ ഹിന്ദിപഠനം രസകരമാക്കി മാറ്റാൻ കഴിയും.

IV ലക്ഷ്യം :- ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം ഒരുക്കുന്നു.

പ്രവർത്തനങ്ങൾ

ദിനാചരണ പ്രവർത്തനങ്ങളിലൂടെയും, ക്ലാസ്സ് പ്രവർത്തനങ്ങളിലൂടെയും കുട്ടികളിൽ ആശയങ്ങൾ തെറ്റുകൂടാതെ അവതരിപ്പിക്കാനുള്ള അവസരം ഒരുക്കും. അധികവായനയ്ക്കായി പുസ്തകങ്ങൾ, ചിത്രകഥകൾ മുതലായവ ക്ലാസ്സുകളിൽ ഒരുക്കും. മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് വേണ്ടി കവിതാപാരായണം കഥാരചന, പ്രസംഗം, കവിതാരചന മുതലായവ അവതരിപ്പിക്കുന്നതിനുള്ള വേദി ഒരുക്കും. കുട്ടികളുടെ സർഗാത്മകത വർദ്ധിപ്പിക്കുന്നതിന് വേണ്ടി ക്ലാസ്സ് തല പ്രവർത്തനങ്ങൾ നടത്തും.

V ലക്ഷ്യം :- ഹിന്ദി അന്തരീക്ഷം സ്കൂളുകളിൽ സൃഷ്ടിക്കുന്നു.

പ്രവർത്തനങ്ങൾ

1 അധ്യാപകനും കുട്ടികളും തമ്മിലുള്ള സംഭാഷണം ഹിന്ദിയിലാക്കും.

2. ഹിന്ദി ഡോക്യുമെന്ററി, സിനിമ ഇവ കാണാനുള്ള അവസരം കൊടുക്കും.

3 ഹിന്ദി കഥകൾ, കവിതകൾ കേൾക്കാനുള്ള അവസരം സൃഷ്ടിക്കും.

4. കുട്ടികൾ തമ്മിൽ ഹിന്ദിയിൽ സംസാരിക്കുവാനുള്ള അവസരം ഒരുക്കും.

5 ഹിന്ദി ക്ലാസ്സ് ലൈബ്രറി സംഘടിപ്പിക്കും. ഓരോ ക്ലാസ്സിന്റെയും നിലവാരം അനുസരിച്ചുള്ള പുസ്തകങ്ങൾ ശേഖരിച്ച് വായന ഉറപ്പാക്കും.

6. ആഴ്ചയിൽ ഒരുദിവസം സ്കൂൾ അസംബ്ലി ഹിന്ദി-യിലാക്കും.

7 പ്രധാനപ്പെട്ട ദിവസങ്ങളിൽ ഹിന്ദിഭാഷയിൽ പോസ്റ്ററുകൾ തയ്യാറാക്കി പ്രദർശിപ്പിക്കും.

8 ഹിന്ദി പഠനത്തിന് സഹായകരമായി ലഭിക്കുന്ന വിവിധ ദൃശ്യശ്രാവ്യ സാമഗ്രികൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി വിവരസാങ്കേതിക വിദ്യ വിനിയോഗിക്കും.

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി [2025-2026]

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ക്ലാസ്സ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും വാക്കുകളും അറിയുന്നുവെന്ന് ഉറപ്പിക്കുന്നു | • അക്ഷരങ്ങൾ വായിപ്പിക്കുന്നു<br>• അക്ഷരം എഴുത്ത്<br>• അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു<br>• വാക്കുകൾ എഴുതിയ കാർഡ് പ്രദർശിപ്പിക്കുന്നു.<br>• ചിഹ്നം ഉറപ്പിക്കുന്നു<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം. | ജൂൺ-ഓഗസ്റ്റ് | ഹിന്ദി അധ്യാപിക | 5, 6 | അക്ഷര-ചാർട്ട്<br>പാഠപുസ്തകം | BRC |
| 2. | എല്ലാ കുട്ടികൾക്കും ഹിന്ദി നിരന്തരം എഴുത്തു വായന വായിക്കാനും പരിശീലിപ്പിക്കുന്നു. പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | • വായനാ കാർഡുകൾ തയ്യാറാക്കുന്നു.<br>• ഹിന്ദി സാഹിത്യകാരന്മാരുടെ പേരോട് കൂടിയ ചിത്രങ്ങൾ ശേഖരിച്ച് വായനക്കായി ഒരുക്കുന്നു<br>• ഹിന്ദി ഗ്രന്ഥശാല ഒരുക്കുന്നു<br>• കോപ്പിബുക്ക് തയ്യാറാക്കൽ<br>• ക്ലാസ്സ് മാസികകൾ തയ്യാറാക്കുന്നു<br>• ബാലഗീതങ്ങൾ വായനക്കായി ഒരുക്കുന്നു. | ജൂൺ-ഡിസംബർ | ഹിന്ദി അധ്യാപിക | 5,6,7 | ചിത്രപുസ്തകം<br>പാഠപുസ്തകം | BRC |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ക്ലാസ്സ് | [illegible] | |
|---|---|---|---|---|---|---|---|
| 3 | ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവുമാക്കി മാറ്റാനുതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ സുരീലി ഹിന്ദി പ്രവർത്തനങ്ങൾ | ജൂൺ- ഡിസംബർ | ഹിന്ദി അധ്യാപിക | 5, 6, 7 | J.C.T | BRC |
| 4 | ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മകരചനകൾ വികസിപ്പിക്കാനും ഉതകും അവസരം ഒരുക്കുന്നു. | • ദിനാചരണ പ്രവർത്തനങ്ങൾ<br>• അധികവായനാസാമഗ്രികൾ<br>• ചിത്രങ്ങളുടെ സഹായത്തോടെ ചിത്രകഥ തയ്യാറാക്കുന്നു.<br>• കവിതാ പാരായണം, കഥാരചന, പ്രസംഗം, കവിതാരചന മുതലായവയുടെ അവതരണം.<br>• ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | ജൂൺ- ജനുവരി | ഹിന്ദി അധ്യാപിക | 5, 6, 7 | ചിത്രപുസ്തകങ്ങൾ പാഠപുസ്തകങ്ങൾ | അധ്യാപകർ |

| ക്ര.നം | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ക്ലാസ്സ് | [illegible] | [illegible] |
|---|---|---|---|---|---|---|---|
| 5 | ഹിന്ദി അന്തരീക്ഷം സ്കൂളിൽ സൃഷ്ടിക്കുന്നു. | • അധ്യാപകരും കുട്ടികളും തമ്മിലുള്ള സംഭാഷണം<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ ഇവ കാണാനുള്ള അവസരം<br>• ഹിന്ദി കഥകൾ, കവിതകൾ കേൾക്കാനുള്ള അവസരം<br>• കുട്ടികൾ തമ്മിൽ ഹിന്ദിയിൽ സംസാരിക്കാനുള്ള അവസരം<br>• ഹിന്ദി അസംബ്ലി<br>• വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം<br>• ഹിന്ദി ക്ലാസ്സ് ലൈബ്രറി | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപിക | 5, 6, 7 | I.CT | അധ്യാപകർ |